
# Flying KITES



## VHMHSS MORAYUR
**2017-2019**

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# സന്ദേശം



മൊറയൂർ വി.എച്ച്.എം ഹൈസ്കൂളിലെ "**ലിറ്റിൽ കൈറ്റ്** "ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2017-2019 ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കിയ "**ഡിജിറ്റൽ മാഗസിന്**" എന്റെ എല്ലാവിധ ഭാവുകങ്ങളും.

എന്ന്,

**ഹെഡ് മാസ്റ്റർ**

**ഹസ്സൻ ബഷീർ. എം.സി**

# ആമുഖം

വാക്കുകളുടെ മൂർച്ചയും
തീർച്ചയുമാണ് നിങ്ങൾ മറിക്കുന്ന
ഓരോ താളിലും പടർന്നു
കത്തുന്നത്.ഇതിൽ ചിലത്
നിങ്ങളെ നൊമ്പരപ്പെടുത്തിയേക്കാം
ചിലത് നിങ്ങളെ സ്വപ്നങ്ങളിലേക്ക്
കൂട്ടിക്കൊണ്ടുപോകും
മറ്റു ചിലത് ചവർപ്പും മധുരവും
ഇടകലർന്നതാവാം
എല്ലാം കാലത്തിൻെറ സാക്ഷ്യപത്രം
കൂടിയാണ്....
നിങ്ങൾ  ഹൃദയത്തിൽ
ഏറ്റുവാങ്ങുമെന്ന പ്രതീക്ഷയോടെ......

ഹസ്സൻ ബഷീർ സർ
(ചീഫ് എഡിറ്റർ)

# എഡിറ്റോറിയൽ

| | | |
|---|---|---|
| ഉപദേശകർ | : | വിപിൻ സർ (കൈറ്റ് മാസ്റ്റർ) |
| | | സമീറ മിസ് (കൈറ്റ് മിസ്ട്രസ്) |
| ചീഫ് എഡിറ്റർ | : | ഹസ്സൻ ബഷീർ (ഹെഡ് മാസ്റ്റർ) |
| സബ് എഡിറ്റർ | : | ശ്രേയ |
| | | നൂറ |
| | | ആനന്ദ് സായി |
| | | മഹ്റൂസ് |
| | | അഭിനവ് |
| | | ആർദ്ര |
| | | ദിൽഷാദ് |
| | | മിഷാൽ |
| | | ഷിനാദ് |
| | | റിൻഷിദ് |
| | | അതുൽ |
| | | അംജദ് |
| | | സുബ്ഹാന |
| കവർ പേജ് | : | റിൻഷ |

# താളുകൾ


| | |
|---|---|
| ആദ്യ വിദ്യാലയം | 6 |
| Lifelines of India | 7 |
| Rain drops | 8 |
| അഗ്നിസാക്ഷി | 9 |
| മുന്നറിയിപ്പ് | 10 |
| ഫണമുയർന്ന കേരളം | 12 |
| MY SHADOW FRIEND | 13 |
| പ്രകൃതിയുടെ | 14 |
| വേദന | 15 |
| അസ്തമയം | 16 |
| തൃശ്ശൂർ പൂരം | 19 |
| നന്ദി | 21 |


****

# ആദ്യ വിദ്യാലയം

മറക്കില്ലൊരിക്കലുംമെൻ
ആദ്യ വിദ്യാലയം
അമ്മ തൻ കൈപിടിച്ചാപടവുകൾ
കയറിയ നിമിഷം മറക്കില്ല ഒരിക്കലും
ചട്ടയില്ലാത്ത മൂല പൊട്ടിയ ആ സ്ലേറ്റിലെ
അക്ഷരത്തിൻ കോറലും
ചൂരൽ കഷായത്തിന്റെ രണ്ടുപാടും
ഓർക്കുമ്പോൾ
ഞാനിന്നും കുട്ടിയാണ്
ആവ പഴയ അഞ്ചു വയസ്സുകാരി......
ആത്മപദത്തിൽ നാളയെ
കുറിച്ചുള്ള പേടികൂടാതെ
നിറം പടിപ്പിച്ച
അപ്പൂപ്പൻ താടികൾക്കു പിറകെ
ഓടിനടന്ന കാലം....
നോട്ടു ബുക്കിന്റെ
പരവള്ളിപടർപ്പുകളിലേക്ക്
ചേക്കേറിട്ടും
ചങ്ങത്തങ്ങൾ അറ്റുപോയിട്ടും
അക്ഷരദീപം കൊളുത്തിതന്നൊരാരാഘോഷം
ഇന്നും ഹൃദയത്തിൻ നാഡീമിടിക്കാതെ
മറക്കില്ലൊരിക്കലും
എൻ
ആദ്യ വിദ്യാലയം

നന്ദന വി.കെ

# Lifelines of India

India is a land blessed by rivers, great and small. These rivers have shaped the history and culture of the land. The very name 'India' originated from the name of one of our great river, the Sindhu [Indus], owing to the inability of Persians to pronounce the sound 's'.

Rivers play a major role in everyday lives of millions of Indians. They provide water for drinking, cooking, and cleaning, irrigation, industry, and power.

They are also a major means of transportation and communication, and provide livelihoods to millions of people too. Cities and towns have sprung up on the banks of rivers, and many rivers are of great spiritual significance as well.Thus it is no wonder, that rivers are considered to be the lifelines of India.

By
Athul Krishna c
9B

# Rain drops

when i up my head to the sky
sky was full of cloudy black
then i realize simple of rain
coming to my house for a ball
to warm up people in terrible drought.

When first drop touched the earth
it woke up from a deeply sleep
the grasses stood as tiny prince
peacock danced in gladly rain
cocks sung of arrive of rain
rain is gift of power god.

Meera .p

9P

# അഗ്നിസാക്ഷി

കത്തിയെരിയുന്ന  മിഴികളിൽ നിന്ന്
ഇറ്റിവീഴുന്ന തീപ്പൊരികൾ
വേദന നുറുങ്ങുകളിൽ നിന്നും
തളർന്നു പോയ എൻ ശരീരം
എൻ ഹൃദയം കോപാകുലമായി
തീരാപ്പകയുടെ തീരവുമായി
ആഞ്ഞടിക്കുന്നു എൻ മനസ്സ്
വിളിച്ചുക്കൊണ്ടിരുന്നു മരണം
ഒന്നിനും ചെവികൊടുത്തില്ല ഞാൻ
വേദനനുറുങ്ങുകൾ പാട്ടുകളുണർത്തി
വേദനയോടെ എരിഞ്ഞുതീർന്ന നിമിഷം
ഇരുട്ടിന് അന്തകയായ എൻ കരങ്ങൾ;
അടർന്നു വീണപോൽ മനസ്സിൽ
നുണഞ്ഞിരിക്കുന്ന പഴയകാല ഓർമകൾ
തളർന്നുപോയ പാദങ്ങൾ,
വരണ്ടുപോയ പോയ വയലിൻ സമം
നടന്നുനീങ്ങവേ
വിളിക്കുന്നു മരണം.
ആ വിളിയിൽ മരണത്തെ അനുസരിപ്പൂ
എൻ കരങ്ങൾ മരണത്തോടുചേർത്ത്
നടന്നകന്ന് അകലേക്കുമറഞ്ഞു.

Amrutha. K

9.P

# മുന്നറിയിപ്പ്

പ്രിയ കൂട്ടുകാരെ,ഞാൻ ഭൂമി എന്നെക്കുറിച്ച് നിങ്ങൾക്ക് എന്തെല്ലാമോ അറിയാം,എന്നാൽ ഒന്നുമറിയില്ല താനും.
ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ട് ആയപ്പോഴേക്കും എന്റെ ശരീരം വളരെ വിക്രുതരീപമായിത്തീർന്നിരിക്കുന്നു.എന്റെ ശരീരമാകെ പ്ളാസ്റ്റിക്കുകൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്.ഇത് കൂടിവരുകയല്ലാതെ കുറഞ്ഞുവരുന്നില.എൻ്റെ ശരീരത്തിലേക്കൊന്നു നിങ്ങൾ സൂക്ഷിച്ച് നോക്കൂ.ശരീരമാകെ മലിനമായ വസ്തുക്കൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ് . മാത്റമല്ല നിങ്ങൾക്കിപ്പോൾ എന്നെ നോക്കാൻ എവിടെ സമയം?

നിങ്ങൾക്ക് അറിയാമോ സൂര്യന്റെ ചൂടും മനുഷ്യരുടെ അക്രമണങ്ങളും ഒരേ സമയത്തുതന്നെ എന്നെ ഇരുവശത്തുനിന്നുമായി
അക്രമിച്ചുകൊണ്ടിരിക്കുകയാണ്.എന്നാൽ ഇപ്പോൾ ഞാനത് അതിജീവിച്ച് മറികടക്കുന്നു.എന്നാൽ എന്റെ പ്രിയവും ശക്തിയുമെല്ലാം നഷ്ടമായി കൊണ്ടിരിക്കുകയാണ്. ഞാൻ എന്ന് മരിക്കുമെന്ന് എനിക്കറിയില്ല.

ഒരുശുദ്ധവായു ശ്വസിച്ചിട്ട് കാലം കുറെയായി.എന്റെ ശരീരമാകെ ഉണങ്ങിപ്പോയിരിക്കുന്നു.നീലഗ്രഹം എന്നറിയപ്പെടുന്ന ഞാൻ ഇപ്പോൾ കറുത്ത ഗ്രഹമായി മാറിക്കൊണ്ടിരിക്കുകയാണ്.ഇതിനെല്ലാം കാരണം നിങ്ങളാണ്.നിങ്ങളെന്നാൽ ഭൂമിയിൽ വസിക്കുന്ന ഏതൊരു പിഞ്ചുകുഞ്ഞുപോലും ഏതായാലും എനിക്കൊരു ഭാരമായി വന്നു

നിങ്ങൾ.അതുകൊണ്ട് എന്നെ ഉപദ്രവിക്കതിരുന്ന കൂടെ......ഞാൻ ശ്വാസം മുട്ടി മരിക്കുന്നതുവരെയാണ് നിങ്ങൾക്ക് പണത്തിനോടും ആർഭടത്തോടും ആർത്തിയുണ്ടാവുക.ഞാൻ മരിച്ചാൽ പിന്നെ അത് തീർന്നില്ലെ.

ഈ സ്ഥിതിയിൽ പോയാൽ ഈ അടുത്ത കാലത്ത് തന്നെ ഞാൻ മരിക്കാനും സാധ്യത കൂടുതലാണ്.അതിനാൽ ഓരോ മനുഷ്യനും എന്റെ മരണത്തെ കാത്തിരിന്നു കൊള്ളുവിൻ.

അതല്ലെന്കിൽ എന്നെ സംരക്ഷികൊള്ളൂ........

എന്ന്

ഭൂമി

Febna. K

9p

# ഫണമുയർന്ന കേരളം

പ്രളയത്തിൻ കാൽചോട്ടിൽ
മുങ്ങിക്കുളിച്ച കേരളം.....
ഒത്തുപിടിച്ച മലയും പൊക്കി..
കരക്കയറികൊണ്ട് ഈ കേരളം...
ജാതിയോ.... മതമോ..... നോകാ-
തെയുള്ള ഈ.. സഞ്ചാരം..
രക്ഷത്തേടി വലയുമ്പോളും..
രക്ഷകരായി വന്നവർ....
പണമുള്ളവൻ പണമില്ലാത്തവനിക്കും
പണമില്ലാത്തവൻ പണമുള്ളവനിക്കും.....
രക്ഷകരായി വന്ന്.....
ഒരു ചെറു പുഞ്ചിരി നൽകിയ കാലം...
നമുക്ക് വിള്ളലുകളില്ലാതെ പടുത്തുയർത്താം...
ഈ വൻ നവ കേരളത്തെ........

**AMJAD**
**9D**

# MY SHADOW FRIEND

She follows me wherever I go
and never leaves me
she is my shadow
she is my soul
I believe she is the one who
never let me to go alone
I don't have even more
privacy without her
one day ,I lost her,I searched her
but I can't find her,she is
hiding in my behind
when I asked about her ,she said
its day and I just want to
boost you from behind
and in that day and night
she is again disappeared without
my knowledge
I searched and searched ,but
I found her in front of me
are you playing hide and seek?
Its night and you want
to follow me from right back
she have a back and front
role in throughout my life

NOOFA.P

9A


# പ്രകൃതിയുടെ വേദന

ഞാൻ നിങ്ങളുടെ പ്രകൃതി . ഞാൻ നിങ്ങൾക്ക് പരിചിതനാണ്. എങ്കിലും എനിക്ക് ചിലത് പറയാനുണ്ട് .മനുഷ്യരേ ...... നിങ്ങൾ എനിക്ക് ഇന്ന് എറ്റവും വലിയ ശത്രുവാണ് . കാരണം നിങ്ങൾ ഓരോ നിമിഷവും എന്നെ ഇഞ്ചിഞ്ചായി കൊല്ലുകയാണ്.നിങ്ങൾക്ക് അറിയാമോ............

ഞാൻ നിങ്ങൾക്ക് എല്ലാമെല്ലാമായിരുന്ന ഒരു കാലമുണ്ടായിരുന്നു . അന്ന് ഞനായിരുന്നു നിങ്ങളുടെ വായുവും ജീവനും മണ്ണുമെല്ലാം .പക്ഷേ-
ഇന്നോ നിങ്ങൾക്ക് ഞാനാരുമെല്ലാതായി .എന്നെ
നീ നശിപ്പിച്ചു കൊണ്ടേയിരുന്നു .എന്നാലും നീ ഒ-
രു കാര്യമോർക്കണം.ഞാനും നീയും തമ്മിലുള്ള ബന്ധം
മുറിയണമെങ്കിൽ എന്നെ നീ വേരോടെ പിഴുതെറിയണം . ഒരു
കാര്യമോർക്കുക,ഞനില്ലെ-
ങ്കിൽ നിങ്ങളുമില്ല..........

AMRUTHA
9P

# മിഴികൾ സാക്ഷി




Raniya m
9 A

# അസ്തമയം

മഴ കനത്തു.കൂടെ കാറ്റും. തുലാം മഴയാണ്.ഭയപ്പെടുത്തുന്ന രാവുകളാണ് ഇനി ഹൈദറിന്റെ മകൻ ഖാദറിനെ അറിയാത്തവരാ രുമുണ്ടായിരുന്നില്ല.ആ മനുഷ്യനാണിന്ന് ആരാന്റെ തൊടീല് മഴവും പിടിച്ചോണ്ടിരിക്കുന്നത്.

"ഇങ്ങരിത് എവടെ പോയിരിക്കുവാ?" സുഹ്റ സ്വയം എന്തൊക്കെയാ പിറുപിറുത്തു. "ഇക്കാനോട പറഞ്ഞതാണ് അരി തിർന്നക്കുണ ന്ന്... വന്നിട്ട് വാങ്ങാന്ന് മൂപ്പരെന്നെല്ലെ പറഞ്ഞത്.......അജ്ജു മോനാണെങ്കി ഒന്നും കഴിച്ചിട്ടില്ല ....ഇങ്ങേരിത് എപ്പവരും?" അപ്പോഴാണ് വേലി കടന്നു വരുന്ന ഖാദറിക്കയെ സുഹ്റ കാണുന്നത്.കുടയില്ല.ഒരു തോർത്തു പോലുമില്ല. അവൾ കുടയും കൊണ്ട് അയാളുടെ അടുത്തേക്ക് ഓടി .കുട കയ്യിൽ കൊടുത്തിട്ട് ചോദിച്ചു "എവിടാർന്നു? അരി തിർന്നക്കുണ ന്ന് പറഞ്ഞതല്ലേ.... അജ്ജു ഒന്നും കഴിച്ചിട്ടില്ല, അരി കൊണ്ടു വരിൻ" ഖാദർ തന്റെ കാലികീശയൊന്നു നോക്കി .സുഹ്റ നെറ്റി ചുളിച്ചു. "ഉം....ഇപ്പ വരാം ഇതും പറഞ്ഞ് അയാൾ നടന്നകന്നു. സുഹ്റ അയാളെ വിളിച്ചു ചോദിച്ചു. "ഇക്കാ കാശില്ലെ....ഇല്ലങ്കി വേണ്ട....എവ്ട്ക്കാ കാശില്ലാതെ??" അയാളൊന്നും മിണ്ടിയില്ല.സുഹ്റ അയാളെയും കാത്ത് പടിക്കലിരുന്നു. മഴ കണ്ടിട്ട് തോരുന്ന മട്ടില്ല.

നേരം ഒരുപാടായിട്ടും ഖാദറിനെ കണ്ടില്ല.ആ പോക്കിന് ശേഷം പിന്നെ ആരും കണ്ടിട്ടില്ലെന്നി തന്നെ പറയാം.സുഹ്റ ഒറ്റക്കായി അജ്ജുമോന് വളരുകയല്ലേ.... താനെന്താ ചെയ്യ്വ.....ഖാദറിക്കയെ കുറിച്ചു ഒരു വിവരവുമില്ല. നിസു ഇവടെ ഉണ്ടായിരുന്നെങ്കി അവൻ ബാപ്പാക്ക് ഈ ഗതി വരില്ലായിരുന്നു.ന്റെ മോൻ എവടെയാണാവോ?.....പത്താം ക്ലാസ് കഴിഞ്ഞപ്പൊ ജോലി അന്വേഷിച്ചിറങ്ങിയതാ....വലിയ ആളായിന്ന കേട്ടത്.എന്നാൽ ഞങ്ങൾക്കൊരു വിവരവും കിട്ടിയില്ല.....

അരെട്ത്തക്കാ.....എങ്ങോട്ടാ.....ഒന്നും ഒരു നിശ്ചയമില്ല.ഭർത്താവിനെയും കാത്ത് സുഹ്റ എന്നും പടിക്കൽ നിൽക്കും.ഒരു കണ്ണ് കൊണ്ട് ഭർത്താവിനെയും മറ്റേ കണ്ണ് കൊണ്ട് മകനെയും തിരയും...ഒടുവിൽ തൊടീല് പണിക്ക് പോവാൻ സുഹ്റ തീരുമാനിച്ചു.

അന്ന് വൈകുന്നേരം... ഒരുപാട് പണിയുണ്ടായിരുന്നു തൊടീല്.കഴിഞ്ഞപ്പൊ സന്ധ്യയായി.വീട്ടിലേക്ക് മടങ്ങുന്ന വഴി മഴയൊന്നു ചാറി.പിന്നെ കനത്തു.സുഹ്റ വീട്ടിലേക്കോടി. അജ്ജൂമോനെ ഖദീജിയുടെ അടുത്താക്കിയിട്ടാ പണിക്കാ പോക്കാറ്. ഖദീജ അവരുടെ അയൽവാസിയാണ്.അന്നവൾ കണ്ട കാഴ്ച,അജ്ജൂവിനെ ഖദീജ മടിയിലിരുത്തി വിശിക്കൊടുക്കയാണ്. "ഹാ....സുഹ്റാത്ത വന്നോ...അജ്ജൂ നന്നായി പനിക്കുണണ്ട്.വിറയലുമുണ്ട്.ഒന്നും കഴിക്കുന്നില്ല മോൻ എന്താ ചെയ്യാ......?"സുഹ്റ മക്കനെ തന്റെ മാറിലേക്ക് ചേർത്തി. നല്ല ചൂടുണ്ട്,വിറയലുമുണ്ട് അവൾ അവനെ വാരിപുണർന്നു.എന്താ ചെയ്യാ?നല്ല മഴല്ലേ.... "സാരല്ല്യ സുഹ്റത്താ...ഞാൻ അപ്പുണ്ണിയെ കിട്ട്വാന്ന് നോക്കട്ടെ"ഖദീജ തോണിക്കാരനെ തേടിയറങ്ങി.ആ രാത്രി അവർ ഉറങ്ങിയില്ല....ഒടുവിൽ ഖദീജ കൃഷ്ണൻ നായരെ കൊണ്ടു വന്നു.നാട്ടിലെ വൈദ്യരാണ്,മൂപ്പര് പറയണതൊന്നും സുഹ്റക്ക് മനസ്സിലായില്ല,പക്ഷെ കൂടെ കൂടെയുള്ള ചികിത്സ അവനെന്തോ മാറാരോഗമാണ് മനസ്സിലായി. എന്തോ ഒരു തരം വലിയ രോഗമാണെന്നാ ഡോക്ടർ പറഞ്ഞത്.

ബാപ്പാനെ കാണാതായതും അജ്ജൂന് സുഖമില്ലാത്തതും സുഹ്റ എങ്ങോയുള്ള വേനെയറിക്കാൻ തിരുമാനിച്ചു.പണ്ടെങ്ങാതൊ അവൻ തന്ന വിലാസം വെച്ച് അവൾ കത്തെഴുതി.കത്ത് അയച്ചതല്ലാതെ പിന്നിടൊരു

വിവരവുമില്ലായിരുന്നു.

ദിവസങ്ങൾ കഴിഞ്ഞുകൊണ്ടേയിരുന്നു.അജ്ജൂടെ അസുഖം മൂർപ്പിച്ചു. സുഹ്റ പണിക്ക് പോകാതായി.ചുരുക്കത്തിൽ പറഞ്ഞ പ്രാരാബ്ധം അവരെ മൂടിയിരുന്നു.അവന്റെ ചികിത്സക്ക് ഇനിയും കാശ് വേണമത്രെ.കടം കൊണ്ട് പുര നിറഞ്ഞ്ക്ക്ണു.ഖദീജയും എത്രയാണ് വെച്ചു ഇങ്ങനെ.എല്ലാത്തിനുമില്ലേ ഒരു പരിധി......

നിസാം ഞാൻ ഒരുക്കൂട്ടിയ പണം കൊണ്ട് പുതിയ പുതിയ സ്വപ്നങ്ങളാൽ വീട്ടിലേക്ക് തിരിച്ചു.ഉമ്മയും അജ്ജൂവും ഇപ്പൊ എവടയാണാവോ?എവടയാണെങ്കിലും സ്വന്തമായിട്ട് ഒരു പുരയുണ്ടാക്കി അവിടെ കഴിയണം .ആരെയും ബുദ്ധിമുട്ടിക്കാതെ .അവന് വഴിയൊന്നും ഒർമ്മയില്ലായിരുന്നു.മഴ കനത്തു.ഇരുട്ടു മൂടി .ഒന്നും വ്യക്തമല്ല.

വഴിയിൽ പലരോടും അവൻ അന്വേഷിക്കുന്നുണ്ട്.ഒടുവിൽ ഒരാൾ വഴികാട്ടിയായി.അയാൾ മടങ്ങാൻ നേരത്ത് ചോദിച്ചു "താനാര?" "സുഹ്റത്തയുടെ വലിയ മോനാ....." "ഹാ....ഈ വേലിക്കപ്പുറമ്മാ വിട്" "ഉം""കാര്യം അറിഞ്ഞിട്ടാണോ വന്നേ?" "എന്തു കാര്യം.....!?"അയാൾ ഒന്നും പറയാതെ നടന്നു നീങ്ങി.

നിസാം വീട്ടിലേക്ക് നടന്നു .വീടിന് ചുറ്റും ആളുകളുണ്ട് .എല്ലാവരും അവനെ നോക്കുന്നുണ്ട്.അവൻ ആരെയും ശ്രദ്ധിച്ചില്ല.അവൻ പടികയറി. നേരെ കണ്ടത് തന്റെ അജ്ജൂവിന്റെ മൃതദേഹമാണ്.അരിക്കിൽ പരിഭ്രാന്തിയായ ഉമ്മയും.ഒരു നിമിഷം അവൻ നിശ്ചലനായി.പിന്നിട് പണകെട്ട് ഒരു മൂലയിൽ വെച്ചു.പടിയറങ്ങി.മഴയത്ത് ലക്ഷ്യമില്ലാതെ നടന്നു. മഴയുള്ളതു കൊണ്ടായിരിക്കണം അവന്റെ കണ്ണുനീര് ആരും കണ്ടതെയില്ല. ...

FidaJasmin.P
IXA

# തൃശ്ശൂർ പൂരം

ചരിത്രത്തിലെ തന്നെ ഏറ്റവും വർണാഭമായ മഹോത്സവങ്ങളിൽ ഒന്നാണ് തൃശ്ശൂർ പൂരം. കേരളത്തിലെ തൃശ്ശൂർ ജില്ലയിലെ തേക്കിൻക്കാട് മൈതാനത്താണ് പൂരം കൊണ്ടാടുന്നത്.പഴയക്കാലത്ത് പൂരം വളരെ വിപുലമായി അഘോഷിക്കാൻ തിരുമാനിച്ചത് കൊച്ചി രാജാവായിരുന്ന ശക്തൻ തമ്പുരാനാണ്.കേരളത്തിലെ തന്നെ മറ്റു ഉത്സവങ്ങളിൽ നിന്നും ഏറെ വൈവിധ്യവും വ്യത്യസ്തവും നിറഞ്ഞതാണ് തൃശ്ശൂർ പൂരം. വിശാലമായ തെക്കിൻക്കാട് മൈതാനത്തിനു ചുറ്റും ആരവം മുഴക്കി ആർപ്പുവിളിയോടെ ആഹ്ളദഭരിതരാകുന്ന ജനസാഗരം.ഈ ജനസാഗരത്തെ സാക്ഷിയം വഹിച്ചുക്കൊണ്ട് മൈതാനത്തിൽ അണിന്നിരന്നു നിൽക്കുന്ന നിരവധി ചെണക്കാർ കൂടാതെ കുഴൽവിളിക്കാർ തുടങ്ങിയവരും ഉത്സവത്തെ ഏറെ മാറ്റുക്കൂട്ടുന്നു.മേടമാസത്തിലാണ് പൂരം അരങ്ങേറുന്നത്.താളവാദ്യ പ്രയോഗത്തോടെ പൂരം ആരംഭിക്കുന്നു. തിരുവമ്പാടി പാറമേക്കാവ് ക്ഷേത്രങ്ങളുടെ പങ്കളിത്തം മൈതാനമെങ്ങും ഒരു വർണവിസ്മയം തന്നെ തീർക്കുന്നു.തിരുവമ്പാടി ക്ഷേത്രാങ്കണത്തിനു മുന്നിലും പാറമേക്കാവ് ക്ഷേത്രാങ്കണത്തിനു മുന്നിലും നിരന്നു നിൽക്കുന്ന ഗജവീരന്മാർ മനുഷ്യന്റെ മനം കവരുന്ന മനോഹരമായ ഒന്നാണ്.ആലവട്ടവും വെഞ്ചാമരവും ചാർത്തിക്കൊണ്ട് വാദ്യപ്രയോഗങ്ങളുടെ നാദദാരയിൽ നിൽക്കുന്ന ഗജവീരന്മാരുടെ എഴുന്നള്ളിപ്പ് പൂരത്തിന്റെ സവിശേഷതകളിലൊന്നാണ്. ജനങ്ങളുമായുള്ള സൗഹൃദത്തിന്റെയും

സ്നേഹത്തിന്റെയും സാമൂഹികാഐക്യത്തിന്റെയും നേർക്കാഴ്ചയാണീ പൂരവിസ്മയം.കേരളത്തിന്റെ തനതായ സംഗീത പാരമ്പര്യത്തിൻെയും വാദ്യപ്രയോഗങ്ങളിൽ നിന്നു മുയരുന്ന ശബ്ദപ്രപഞ്ചം തന്നെ സ്രുഷ്ടിക്കുന്നു.പഞ്ചാരി,പാഢി മേളങ്ങളുടെ മനോഹരനായ നാദദാരയും ഒപ്പം താളബോധമുള്ള ആസ്വാദകക്കൂട്ടവും മൈതാനത്ത് വിസ്മയം സ്രുഷ്ടിക്കുന്നു.

സന്ധ്യയാകുമ്പോൾ കുടമാറ്റം ആരംഭിക്കുകയായി വിവധ വർണങ്ങളിലുള്ളതും മനോഹരമായതുമായ

കുടകൾ കലാബോധത്തോടെ മാറ്റി മാറ്റി ഇരുവശക്കാരും വർങ്ങളുടെ മായാപ്രപഞ്ചം തന്നെ സ്രുഷ്ടിക്കുന്നു. ഇരുട്ടുതുടങ്ങുമ്പോൾ മൈതാനം മുഴുവനും വിളക്കുകളുടെ പ്രഭാപൂരത്തിൽ മുങ്ങുന്നു.വിളക്കുകളുടെ നഗരം എന്നറിയപ്പെടത്തക്കരീതിയിൽ പൂരപ്പറമ്പാകെ

വിളക്കുകൾ കത്തിക്കുന്നു.വർണ്ണപുഷ്പങ്ങൾ വിരിയിക്കുന്ന കരിമരുന്നു പ്രയോഗമാണ് പുരത്തിന്റെ അവസാന ഘട്ടം.ഏറ്റവും മനോഹരമായ ഒന്നാണ് ഇത്.

സംഘാടനകളുടെയും കരയോഗക്കാരുടെയും ധനസ്ഥിതിയും ശക്തിയും തെളിയിക്കുന്നതിനു പുറമെ വർണ്ണങ്ങളുടെയും പ്രകാശത്തിന്റെയും മായാലോകം സ്രുഷ്ടിക്കുന്നു.ത്രുശ്ശൂർ പൂരം വർണ്ണപ്പകിട്ടുള്ളതും പ്രൗഢിയുള്ളതും നമ്മുടെ സാംസ്കാരിക പൈത്രുകത്തിന്റെ ചിന്നം കൂടിയാണ് അതുപ്പോലെ സംഗീതപാര്യമ്പര്യത്തിന്റെയും സാമൂഹികഐക്യത്തിന്റെയും ഉദാഹരണം കൂടിയാണ് ത്രുശ്ശൂർ പൂരം.

അഭിനവ്.വി

9p

# നന്ദി

പുതിയ അറിവുകളും
കാഴ്ചകളും അനുഭവങ്ങളുമാണ്
**"ഫ്ലൈയിങ് കൈറ്റ്സ്"** "വിടരുമ്പോൾ
ഇങ്ങനെ കോർത്തൊരുക്കുവാൻ ഒപ്പം സഞ്ചരിച്ച
വിദ്യാർത്ഥികൾ,രക്ഷിതാക്കൾ,നാട്ടുകാർ,
മാനേജ്മെൻറ്പരസ്യം നൽകി സഹായിച്ചവർ,
അധ്യാപക സുഹൃത്തുക്കൾ
പ്രസാധകർ എല്ലാവർക്കും
ഹൃദയം നിറഞ്ഞ നന്ദി.....

പത്രാധിപ സമിതി